178 (1538) ആയുർവേദ ഫാർമസി നഴ്സിംഗ് കോഴ്സുകൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ ആയുർവേദ ഫാർമസി, നഴ്സിംഗ് കോഴ്സുകൾ നിലവിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സുകൾ ഈ സാമ്പത്തിക വർഷം തന്നെ തുടങ്ങുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നഴ്സിംഗ് കോഴ്സ് നിലവിൽ ഉണ്ട്. ഫാർമസി കോഴ്സ് നിലവിൽ ഇല്ല. പ്രസ്തുത കോളേജിൽ നിലവിലുള്ള സൗകര്യങ്ങൾവച്ച് ഫാർമസി കോഴ്സ് ഇപ്പോൾ തുടങ്ങുവാൻ കഴിയുകയില്ല.

179 (1539) കണ്ണൂർ നഴ്സിംഗ് സ്കൂൾ ഹോസ്റ്റൽ തകർന്ന സംഭവം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നഴ്സിംഗ് സ്കൂൾ ഹോസ്റ്റൽ തകർന്ന് നിരവധി വിദ്യാർത്ഥികൾക്ക് പരിക്കേറ്റ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(സി) ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കാനുള്ള അസൗകര്യം എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇതിനകം എത്ര തുക ഹോസ്റ്റൽ നിർമ്മാണത്തിനുവേണ്ടി ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ഇനിയും എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(എഫ്)നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ജി) അപകടത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സഹായമെത്തിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏകദേശം 80% പ്ലാസ്റ്ററിംഗ് ജോലികൾ പൂർത്തിയായി. ഫ്ളോറിംഗ്, അടുക്കളയുടെ നിർമ്മാണം, സെപ്റ്റിക് ടാങ്ക് മുതലായവ പൂർത്തീകരിക്കുവാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ഡി) 26,98,902 രൂപ ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly